# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3967 — 25.06.2014 ൽ മറുപടിക്ക്

## സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലെ ഒ.പി സമയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ ആശുപത്രികൾ, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ, പ്രാഥമികാ രോഗ്യകേന്ദ്രങ്ങൾ എന്നിവിട ങ്ങളിലെ ഒ.പി. സമയം എത്രയാണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഒ.പി. യിൽ ഡോക്ടർമാർ രോഗികളെ പരിശോധിക്കേണ്ടത് ഏത് സമയം മുതൽ ഏതുസമയം വരെയാണെന്ന് വിശദമാക്കാമോ ; | (എ) & (ബി) ജില്ലാ ആശുപത്രികളിൽ സാധാരണ ഒ. പി രാവിലെ 8 മണി മുതൽ 1 മണി വരെയും അടിയന്തിര ഘട്ടങ്ങളിൽ എക്സ്റ്റന്റഡ് ഒ.പി 1 മണി മുതൽ 8 മണി വരെയും പ്രവർത്തിക്കുന്നുണ്ട്. പി.എച്ച്.സി കളിലും സി. എച്ച്.സി കളിലും രാവിലെ 9 മണി മുതൽ 1 മണി വരെയും ഉച്ചയ്ക്ക് 2 മണി മുതൽ 3 മണി വരെയുമാണ് ഒ.പി പ്രവർത്തിക്കുന്നത്. മേൽ സമയങ്ങളിൽ ഒ. പി യിൽ ഡോക്ടർമാർ ഒ.പി ടിക്കറ്റ് എടുത്ത എല്ലാ രോഗികളെയും പരിശോധിക്കുന്നതാണ്. |
| (സി) ക്വാർട്ടേഴ്സുകൾ ലഭ്യമായ ആശുപത്രികളിൽ ഏതെങ്കിലും തസ്തികയിലുള്ള ഡോക്ടർമാർ നിർബന്ധമായി താമസിക്കേ ണ്ടതുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) ആരോഗ്യവകുപ്പ് സ്ഥാപനങ്ങളിൽ സൂപ്രണ്ടിന്റെ ക്വാർട്ടേഴ്സുകൾ ലഭ്യമായ ആശുപത്രികളിൽ ആശുപത്രി സൂപ്രണ്ട് താമസിക്കേണ്ടതാണ്. ആർ.എം.ഒ ക്വാർട്ടേഴ്സ് ഉള്ളിടത്ത് റെസിഡന്റ് മെഡിക്കൽ ആഫീസർ താമസിക്കേണ്ടതാണ്. സി.എച്ച്.സി/പി.എച്ച്.സികളിൽ ക്വാർട്ടേഴ്സ് ലഭ്യമായ സെന്ററുകളിൽ മെഡിക്കൽ ആഫീസർ ഇൻ-ചാർജ്/സീനിയർ മെഡിക്കൽ ആഫീസർ താമസിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ